
# മലങ്കര
# വചനബോധി

Vol.18 No. 07 July 2021



കാരുണികൻ
സമഗ്ര ദൈവശാസ്ത്ര മാസിക

# വചനബോധി
## സീറോമലങ്കര

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

**ആഗസ്റ്റ് 01 — പെന്തിക്കോസ്തിക്കുശേഷം 10-ാം ഞായർ**
Page : 03
**മത്താ 18:1 – 14**
- ഡോ. പോൾ കുഞ്ഞാനായിൽ MCBS
- ഫാ. മാത്യു ചിറയിൽ

**ആഗസ്റ്റ് 08 — തേജസ്ക്കരണശേഷം 1-ാം ഞായർ**
Page : 06
**മത്താ 21:28 – 32**
- ഡോ. പോൾ കുഞ്ഞാനായിൽ MCBS
- ഫാ. എബ്രഹാം നടുവിലേടം

**ആഗസ്റ്റ് 15 — തേജസ്ക്കരണശേഷം 2-ാം ഞായർ**
Page : 12
**മർക്കോ 12:38 – 44**
- ഡോ. ജോർജ് അയ്യനേത്ത് OIC
- ഫാ. നിർമലാനന്ദ് OIC

**ആഗസ്റ്റ് 22 — തേജസ്ക്കരണശേഷം 3-ാം ഞായർ**
Page : 17
**ലൂക്കാ 18:9 – 14**
- ഡോ. ജോർജ് അയ്യനേത്ത് OIC
- ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

**ആഗസ്റ്റ് 29 — തേജസ്ക്കരണശേഷം 4-ാം ഞായർ**
Page : 21
**മർക്കോ 10:35 – 45**
- ഡോ. പോൾ കുഞ്ഞാനായിൽ MCBS
- ഫാ. ഐസക്ക് സാം പത്തിയിൽ OIC

# ആഗസ്റ്റ് 01
# പെന്തിക്കോസ്തിക്കുശേഷം 10 – ാം ഞായർ

## ഭാഷ്യം

### മത്താ 18:1-14

### സന്ദർഭം

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ സഭാത്മകജീവിതത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ (Community Discourse) ആദ്യപകുതിയാണ് ഇന്നത്തെ സുവിശേഷഭാഗം. സഭാഗാത്രത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമായ എളിമ, സന്മാതൃക, സഹാനുഭൂതി എന്നിവയെ പരസ്പരം കോർത്തിണക്കി ഈ സുവിശേഷഭാഗം പഠിപ്പിക്കുന്നു.

### സാരം

സ്വർഗത്തെക്കുറിച്ചുള്ള പരാമർശംകൊണ്ടാണ് ഈ സുവിശേഷഭാഗം ആരംഭിക്കുന്നതും അവസാനിക്കുന്നതും (18:14). ശിശുവിനെപ്പോലെ സ്വയം ചെറുതാകാതെ, എളിമപ്പെടാ തെ, സ്വർഗരാജ്യപ്രവേശനം സാധ്യമല്ലെന്ന് വചനം പഠിപ്പിക്കുന്നു. ഇങ്ങനെ സ്വയം ചെറുതാകുന്നതിന്റെ അടയാളമാണ് മറ്റുള്ളവരുടെ രക്ഷയെന്ന ബോധ്യമുണ്ടാകണം. തന്റേതുപോലെ, ഒരുപക്ഷേ തന്റേതിനേക്കാൾ പ്രധാനമായി കരുതുന്നത്.

### സന്ദേശം

സ്വർഗസ്ഥനായ പിതാവിന്റെ തിരുഹിതമായ സാർവത്രിക രക്ഷയ്ക്കുവേണ്ടി അധ്വാനിച്ചുകൊണ്ട് എളിമ പുലർത്താനും നല്ല മാതൃകകൾ നൽകി ജീവിക്കാനും മറ്റുള്ളവരുടെ നന്മകളിൽ സന്തോഷിക്കാനും നമ്മോടൊപ്പം അവരും പുണ്യത്തിൽ നിലനിൽക്കുന്നുവെന്ന് ഉറപ്പുവരുത്താനും നമുക്കു സാധിക്കട്ടെ.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

# പ്രസംഗം

## സ്വർഗരാജ്യത്തിലെ വലിയവൻ

മത്തായിയുടെ സുവിശേഷത്തിലെ 18-ാം അധ്യായത്തിലെ ആദ്യ 14 വാക്യങ്ങൾ കുഞ്ഞുങ്ങളെയും ചെറിയവരെയുംകുറിച്ച് പ്രതിപാദിക്കുന്നു. ആദ്യത്തെ 5 വാക്യങ്ങൾ എളിമയെപ്പറ്റിയും പിന്നീടുള്ള 4 വാക്യങ്ങൾ ഇടർച്ചയ്ക്ക് കാരണമാകുന്നതിനെപ്പറ്റിയും അതിനുശേഷമുള്ള 5 വാക്യങ്ങൾ എല്ലാവരോടും ദയയോടുകൂടെ പെരുമാറണമെന്നും പഠിപ്പിക്കുന്നു (കുഞ്ഞ്, ചെറിയവൻ എന്നീ പദങ്ങൾക്ക് പ്രധാന്യം നൽകിയിരിക്കുന്നു). ഈ അധ്യായം മുഴുവൻ ക്രിസ്തുശിഷ്യരെക്കുറിച്ചാണ്.

സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനായി രണ്ട് കാര്യങ്ങൾ ചെയ്യണം: 1. മാനസാന്തരപ്പെടുക. 2. കുഞ്ഞുങ്ങളെപ്പോലെയാകുക. ലോകത്തിന്റെ കാഴ്ചപ്പാടിൽ സമ്പത്തും സ്ഥാനമാനങ്ങളും ഉള്ളവരാണ് വലിയവർ. യേശു ഈ മനോഭാവത്തെ തിരുത്തുന്നു. കുഞ്ഞുങ്ങളെപ്പോലെ എളിമയുള്ള ക്രിസ്തുശിഷ്യരെ സ്വീകരിക്കുന്നവർ യേശുവിനെയാണ് സ്വീകരിക്കുന്നത്.

നാം ദുഷ്പ്രേരണകൾക്ക് കാരണമാകാതിരിക്കണം; ദുഷ്പ്രേരണകൾക്ക് അടിമപ്പെടാതിരിക്കണം. മറ്റുള്ളവർക്ക് ദുഷ്പ്രേരണ നൽകി പാപത്തിലേക്ക് നയിച്ച് നിത്യശിക്ഷയ്ക്ക് ഇടവരുത്തുന്നതിലും നല്ലത് ഒരിക്കലും വെള്ളത്തിന് മുകളിലേക്ക് പൊങ്ങിവരാതെ കടലിനടിയിൽ താഴ്ത്തപ്പെടുന്നതായിരിക്കും. എണ്ണയാട്ടുന്ന ചക്കിലുള്ള അമ്മിക്കല്ലിന് മുകളിലുള്ള പിള്ളക്കല്ല് കഴുതയെ ഉപയോഗിച്ച് കറക്കിയിരുന്നു. ഈ ആട്ടുകല്ലാണ് തിരികല്ല്. ഒരാളുടെ കഴുത്തിൽ തിരികല്ല് കെട്ടി കടലിനടിയിൽ താഴ്ത്തിയാൽ മൃതസംസ്കാരം ലഭിക്കാതെവരും.

ലോകത്തിൽ ഇടർച്ചയും പ്രലോഭനവും ഉണ്ടാകും. വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യൻ. ഇടർച്ചക്ക് കാരണമാകുന്നവൻ കടലിൽ താഴ്ത്തപ്പെടുന്നതാണ് നല്ലത്. ഒറ്റുകൊടുക്കുന്നവൻ ജനിക്കാതിരിക്കുന്നതായിരുന്നു നല്ലത്.

ചിലർ ഈ ലോകത്തിലൂടെ സഞ്ചരിച്ച് നരകത്തിന് ഇരയായിത്തീരാം. മറ്റുചിലർ പ്രലോഭനങ്ങളുടെ കാരണങ്ങളെ നീക്കി നിത്യജീവനിലേക്കു യാത്ര ചെയ്യാം. കണ്ണുകളുടെ ദുരുപയോഗംകൊണ്ട് കാമാസക്തിക്ക് ഒരാൾ അടിമപ്പെടാം. അധരംകൊണ്ട് അരുതാത്തതു പറഞ്ഞ് പാപത്തിൽ വീഴാം. കൈകാലുകൾ പാപത്തിലേക്ക് നയിക്കാം. മനുഷ്യന്റെ മുമ്പിൽ രണ്ട് വഴികൾ ഉണ്ട്.

1. നിത്യജീവൻ
2. നിത്യാഗ്നി

ജീവനിൽ പ്രവേശിക്കുക എന്നതും ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നതും ഒന്നുതന്നെയാണ്. ശിക്ഷാവിധിയുടെ സ്ഥലം തീ കെടാത്ത നരകമാണ്. നിത്യശിക്ഷാവിധിയുടെ അവസ്ഥയായ നരകത്തെ നിത്യാഗ്നി, ഗെഹെന്നയിലെ തീ എന്നും വിശേഷിപ്പിക്കുന്നു. ജറുസലേമിന്റെ തെക്കുഭാഗത്തുള്ള താഴ്വാരമായ ഗെഹെന്നായിൽ രാജാക്കന്മാർ കുട്ടികളുടെ നരബലി അർപ്പിച്ചിരുന്നു. അങ്ങനെ ഗേഹെന്ന നരകത്തിന്റെ പ്രതീകമായി മാറി.

ഓരോ മനുഷ്യനും നിത്യജീവനോ നരകമോ തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. നഷ്ടപ്പെട്ട ആടിനെ തിരിച്ചുകിട്ടിയതിൽ സന്തോഷിക്കുന്ന ഉടമസ്ഥന്റെ സന്തോഷം പോലെ ഓരോ പാപിയുടെയും മാനസാന്തരത്തിൽ സ്വർഗത്തിലും സന്തോഷം ഉണ്ടാകും. ഇവിടെ ഒരാട് വഴിതെറ്റിപ്പോകുന്നു. ആടുകളുടെ ഇടയൻ സ്നേഹസമ്പന്നനായ പിതാവാണ്. ഓരോ ആടും ഉടമസ്ഥന് വിലപ്പെട്ടതാണ്. വഴിതെറ്റിപ്പോയതിനെ അന്വേഷിച്ചിറങ്ങുന്നവനാണ് സ്വർഗീയ പിതാവ്. ഏ റ്റവും ചെറിയവർപ്പോലും സ്വർഗീയ പിതാവിന് വിലപ്പെട്ടവരാണ്. ആരും നശിച്ചുപോകരുത് എന്ന പിതാവിന്റെ ഇഷ്ടത്തിനൊത്ത് നമ്മളും പെരുമാറണം.

**ഫാ. മാത്യു ചിറയിൽ**

# ആഗസ്റ്റ് 08
# തേജസ്ക്കരണശേഷം 1–ാം ഞായർ

## ഭാഷ്യം

മത്താ 21:28-32

### സന്ദർഭം

ആർപ്പുവിളികൾക്കിടയിലൂടെ ജറുസലെമിലേക്കു രാജകീയമായി പ്രവേശിച്ച്, ദൈവാലയം ശുദ്ധീകരിച്ച്, തുടർന്നുവരുന്ന ദിവസങ്ങളിൽ ഈശോ ദൈവാലയത്തിൽ പഠിപ്പിക്കുന്നതാണ് ഇന്നത്തെ സുവിശേഷപശ്ചാത്തലം.

### സാരം

ഇസ്രായേൽജനത്തിന്റെ അനുദിനജീവിതത്തോട് വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന മുന്തിരിതോട്ടത്തിലെ ജോലിയുമായി, സ്വർഗരാജ്യപ്രവേശനത്തെ ഈശോ ബന്ധപ്പെടുത്തുകയാണ്. മുന്തിരിതോട്ടത്തിൽ ജോലിചെയ്യാൻ മനസ്സില്ലെന്നു പറഞ്ഞ് പിതാവിനെ ആദ്യം നിരാകരിക്കുകയും എന്നാൽ പിന്നീട് അനുതപിച്ച് ജോലിയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന പുത്രൻ ചുങ്കക്കാരെയും പാപികളെയും പ്രതിനിധാനം ചെയ്യുന്നു. ദൈവകല്പനകളെ അവർ ആദ്യം തിരസ്കരിച്ചിരുന്നുവെങ്കിലും ക്രിസ്തുവിന്റെ വചനങ്ങളോട് തുറവ് പുലർത്തി മാനസാന്തരത്തിലൂടെയും ജീവിതനവീകരണത്തിലൂടെയും അവർ സ്വർഗരാജ്യപ്രവേശനം സ്വന്തമാക്കിയിരിക്കുന്നു. എന്നാൽ മുന്തിരിതോട്ടത്തിലേക്ക് പൊയ്ക്കൊള്ളാം എന്ന തന്റെ വാക്കുകളോട് നീതി പുലർത്താത്ത പുത്രനെപ്പോലെയാണ് വചനം പഠിച്ചിട്ടുണ്ടെങ്കിലും അവ പ്രാവർത്തികമാക്കാത്തവർ. അവർക്ക് സ്വർഗരാജ്യ പ്രവേശനം കഠിനമായിരിക്കും എന്ന് വചനം പഠിപ്പിക്കുന്നു.

## സന്ദേശം

അനുസരണക്കേടിന്റെയും പാപങ്ങളുടെയും ഇന്നലെകളെക്കുറിച്ചോർത്തു നിരാശപ്പെട്ടിരിക്കാതെ, ദൈവകരുണയിൽ ആശ്രയിച്ചുകൊണ്ട് ദൈവരാജ്യപ്രവേശനത്തിനായി നാം നമ്മെത്തന്നെ ഒരുക്കണം. വാക്കുകളും പ്രവർത്തികളും തമ്മിലുള്ള പൊരുത്തക്കേടുകൾ ഇല്ലാതാവുന്നതനുസരിച്ച് ക്രിസ്തുവിലേക്കുള്ള നമ്മുടെ ദൂരം കുറഞ്ഞുവരുന്നു.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

---

# പ്രസംഗം

## മാനസാന്തരപുത്രന്റെ ഉപമ

വിശുദ്ധ മത്തായിക്കുമാത്രം സ്വന്തമായതും ധൂർത്തപുത്രന്റെ ഉപമയ്ക്ക് സമാനം ദ്വന്ദ്വാത്മകവുമാണ് രണ്ടുപുത്രന്മാരുടെ ഉപമ. മുന്തിരിത്തോട്ടം ഇസ്രായേലിന്റെ പ്രതീകമാണ്. ഏശയ്യാപ്രവാചകൻ ചോദിക്കുന്നു: "എന്റെ മുന്തിരിത്തോട്ടത്തിനുവേണ്ടി ഞാൻ ചെയ്തതിലേറെ എന്താണ് ചെയ്യേണ്ടിയിരുന്നത്?" (ഏശ 5:4). തർക്കവിഷയങ്ങളിൽ ശ്രോതാക്കളെ കക്ഷിചേർക്കുന്ന ഒരു ശൈലി ചിലപ്പോൾ യേശു അനുവർത്തിക്കാറുണ്ട്. ഈ ഉപമയിൽ മറുപടി പറയാൻ ഈശോ ശ്രോതാക്കളെ രണ്ടുപ്രാവശ്യം ക്ഷണിക്കുന്നുണ്ട്. ശ്രോതാക്കളെ മാത്രമല്ല, അനുവാചകരെയും. അങ്ങനെ ചിന്തിക്കുമ്പോൾ ഇതൊരു അർത്ഥാന്തരന്യാസമാണ്– നമ്മുടെ ചെയ്തികൾ തെറ്റോ ശരിയോ എന്ന് വിധിക്കാൻ നമ്മെത്തന്നെ ഏൽപ്പിച്ചിരിക്കുന്നു.

നമുക്ക് ഒഴിഞ്ഞുമാറാനാവില്ല. വിശ്വാസത്തിന്റെയും സത്യസന്ധതയുടെയും ആ വശ്യകതയോടൊപ്പം അനുതാപഭരിതമായ ജീവിതത്തിന്റെ പ്ര സക്തിയും ഈ ഉപമയിലൂടെ വ്യക്തമാക്കുന്നു. ഫരിസേയരുടെ 'തിരുമുമ്പിൽ സേവ' യുടെ പൊള്ളത്തരം തുറന്നുകാണിക്കുന്നതിനും പാപികളെന്നു മുദ്രകുത്തി

അവർ അകറ്റിനിർത്തിയിരുന്നവരിലെ ആത്യന്തികനന്മയെ പ്രശംസിക്കുന്നതിനും ദിവ്യനാഥൻ ശ്രമിക്കുന്നു. നമ്മിൽ ഒളിഞ്ഞിരിക്കുന്ന ഫരിസേയത്വത്തെ- കാപട്യത്തെ- വെളിച്ചത്ത് കൊണ്ടുവരുന്നതിന് യേശു ഈ ഉപമ ഉപയുക്തമാക്കുന്നു.

### 1. ഉപമയുടെ ലക്ഷ്യം

ഓരോ വ്യക്തിയുടെയും ജീവിതലക്ഷ്യവും കടമയുമാണ് ദൈവഹിതം തിരിച്ചറിയുക എന്നത്. ആചാരം ഒരു വഴിക്കും വിചാരം മറുവഴിക്കുമായി അധഃപതിച്ചതാണ് മനുഷ്യപ്രകൃതി. വിശുദ്ധ പൗലോസിന്റെ ഭാഷ്യപ്രകാരം പരിഛേദനം ചെയ്ത യഹൂദൻ അന്യൂനം ദൈവകല്പന പാലിക്കാമെന്ന് ഉടമ്പടി ചെയ്തവനാണ്. പക്ഷേ ഇക്കാര്യത്തിൽ ഒരു സമൂഹമെന്ന നിലയിൽ ഇസ്രായേൽ അമ്പേ പരാജയമായിരുന്നു. സ്വന്തം മനഃസാക്ഷിയെ മാറ്റുരച്ച് മനുഷ്യൻ അവന്റെ മഹത്ത്വം തിരിച്ചറിയുകയും ദൈവപ്രസാദം നേടുകയും വേണം. അപ്പോഴേ മാനസാന്തരമുണ്ടാകൂ. ദൈവികവെളിച്ചത്തിലാണ് ജീവിതത്തിന്റെ ഇരുൾമൂടിയ ഇടങ്ങളെ കണ്ടെത്തേണ്ടത്. മാനസാന്തരം കൂടാത്ത ജീവിതം മനുഷ്യമഹത്ത്വം നഷ്ടപ്പെട്ട ജീവിതമാണ്. ദൈവകൽപന പാലിക്കാതെയും പശ്ചാത്താപമോ ജീവിതപരിവർത്തനമോ കൂടാതെയും ജീവിക്കുന്നതിൽ എന്തു മതാത്മകത? ദൈവപ്രീതിക്കുതകുന്നവിധം പ്രവർത്തിക്കാതെ എന്തു മാനവികത, എന്തു ക്രൈസ്തവികത?

### 2. അനുസരണം എന്ന പുണ്യം

അനുസരണവും വിധേയത്വവും തളിരിടുന്നതും പ്രഫുല്ലമാകുന്നതും സ്നേഹമുള്ള ഭവനങ്ങളിലാണ്. ദൈവപ്രമാണങ്ങളുടെ പരിശീലനകളരിയും അങ്ങനെയുള്ള ഭവനങ്ങളാണ്. കുടുംബങ്ങളെ ദൈവം വിഭാവന ചെയ്യുന്നത് ഈ ലോകത്തിലെ സ്വർഗമായിട്ടാണ്. ദൈവപ്രമാണങ്ങൾ ആർജിക്കേണ്ട ഇടങ്ങളാണത്. കുടുംബബന്ധങ്ങളുടെ മാധുര്യം ചോർത്തിക്കളയുന്നത് മക്കളുടെ താൻപോരിമയും വിധേയത്വക്കുറവുമാണ്. നാലാംപ്രമാണം കാറ്റിൽപറത്തുന്ന മക്കളുള്ള മാതാപിതാക്കന്മാരുടെ തേങ്ങൽകൊണ്ട് ഇന്ന് ഭവനങ്ങളുടെ അകത്തളങ്ങൾ മുഖ

രിതമാണ്. അവരുടെ ചുട്ടുതീറ്റലും ചുടുകണ്ണീരും ഭവനങ്ങളെ തപ്തമാക്കുന്നു. അനുസരണക്കേടുകാട്ടിയ മക്കളുടെ അനുതാപപൂർണമായ മടങ്ങിവരവാണ് മാതാപിതാക്കന്മാർ ആറ്റുനോറ്റു കാത്തിരിക്കുന്നത്- ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ. അനുതപിക്കുന്ന പാപിയെനോക്കി സ്വർഗം സന്തോഷിക്കുന്നു, ഭൂമി വസന്തം പൊഴിക്കുന്നു.

സ്വർഗസ്ഥനായ പിതാവിനെ കുരിശുമരണംവരെ അനുസരിച്ച ഒരു പുത്രന്റെ മാതൃകയാണ് ദിവ്യനാഥൻ നൽകുന്നത് (ഫിലി 2:8). "കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ 7:21) എന്ന് ഈശോ പഠിപ്പിച്ചപ്പോൾ ഈ ഉപമയെ സംഗ്രഹിക്കുകയായിരുന്നില്ലേ? ആത്മനിറവിലുള്ള ആരാധന ആത്മപ്രചോദിതമായ പ്രവർത്തികളിലേക്ക് നയിക്കേണ്ടതാണ്. പ്രവൃത്തിരഹിതമായ വിശ്വാസം അതിൽതന്നെ നിർജീവമാണ്, ഫലരഹിതമാണ്, മൃതമാണ് എന്നാണ് വിശുദ്ധ യാക്കോബ് ശ്ലീഹാ പഠിപ്പിക്കുന്നത് (യാക്കോ 2:17,20,26).

ധൂർത്തപുത്രന്റെ ഉപമയിലെ മൂത്തപുത്രൻ സ്വായത്തമാക്കിയത് പുത്രന്റെ സ്നേഹവായ്പായിരുന്നില്ല പ്രത്യുത ദാസ്യമനോഭാവമായിരുന്നു (ലൂക്കാ 15:29). ഗൃഹജോലികൾ ഹൃദ്യമാകണമെങ്കിൽ മക്കൾക്കടുത്ത വിധേയത്വവും സ്നേഹവായ്പുമുണ്ടാകണം. ഏതുജോലിയും സന്തോഷപ്രദമാകണമെങ്കിൽ ജോലിയെ എന്നപോലെത്തന്നെ താൻ ആർക്കുവേണ്ടി ജോലി ചെയ്യുന്നുവോ ആ യജമാനനോട് സ്നേഹമുണ്ടായിരിക്കണം. പിതാവിന്റെ മുന്തിരിത്തോട്ടത്തെ സ്വന്തം പൂന്തോട്ടമായി മനസ്സാ വരിക്കുമ്പോഴാണ് സന്തോഷപൂർവ്വം ജോലിചെയ്യാൻ കഴിയുന്നത്. മറിച്ചായാൽ പിതൃകൽപനപോലും ഭാരമായി തോന്നിയേക്കാം. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം. വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒപ്പം സന്തോഷിക്കുന്നു" (യോഹ 4:34-36). മാതാപിതാന്മാരുടെ സന്തോഷം ജീവിതവ്രതമായി ഓരോ മക്കളും കാണണം.

## 3. മാനസാന്തരം പ്രവൃത്തിയിൽ

വാക്കുകളിലല്ല; പ്രവൃത്തികളിലാണ് മാനസാന്തരം പ്രതിഫലിക്കേണ്ടത്. വിശ്വാസജീവിതത്തിൽ മാനസാന്തരത്തിന് അദ്വതീയ സ്ഥാനമാണുള്ളത്. സ്നേഹത്തിന്റെ ഉയർച്ചതാഴ്ചകളും ഏറ്റക്കുറച്ചിലുകളും ജീവിതത്തിന്റെ ഭാഗമാണ്. അനുസരണക്കേടും വാഗ്ദാനലംഘനവും കൃത്യവിലോപവും ധർമ്മച്യുതിയും ജീവിതയാത്രയിൽ വന്നുഭവിക്കാം. പക്ഷേ വീണ്ടുവിചാരമുണ്ടെങ്കിൽ ജീവിതപന്ഥാവിലെ ഇരുട്ടുകൾ വഴിമാറും. മാനസാന്തരപാത പുണരാൻ വഴിതെളിയും. മാനസാന്തരം ഒരുവനിൽ അത്ഭുതകരമായ മാറ്റം വരുത്തും. ആലസ്യത്തിലാണ്ടും പിന്തിരിഞ്ഞുനടന്നും വഴിതെറ്റിയെങ്കിൽ കർമണ്യതയിലേക്കും ശരിയായ പാതയിലേക്കും മാനസാന്തരം അവനെ ആനയിക്കും. "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണുവഴി, ഇതിലേ പോവുക..." (ഏശ 30:21) "നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും" (ഏശ 30:20b). പിതൃസ്വരം ശ്രവിക്കാനും പിതൃഹിതം അനുവർത്തിക്കാനും അപ്പോൾ അവനു കഴിയും.

### എന്താണ് മാനസാന്തരം?

അത് തിരിച്ചറിവും തിരിച്ചുവരവും ഒരു വരവുമാണ്. നിരന്തരമായ 'അന്തർഗതസംവാദം' ഉണ്ടാകുമ്പോഴാണ് അത് സാധ്യമാകുന്നത്. അധമമനസ്ക്കൻ വികാരജീവിയാണ്. മനുഷ്യത്വത്തിന്റെ ശ്രേഷ്ഠതവിചാരപാത ആർജിക്കുമ്പോൾ മാത്രമാണ് സാധ്യമാകുക. അത് ആലോചന-പുനരാലോചന പദ്ധതിയാണ്; അവനവനോടും സത്യത്തോടും ധർമത്തോടുമുള്ള നിരന്തരമായ അന്തർഗത സംവാദമാണ്. അത് മനസ്സിനെ വിമലീകരിക്കും; തെറ്റ് തിരുത്തും, ധർമാ-ധർമവിവേചനം നൽ കും; പരക്ലേശവിവേകം നൽകും. ആത്യന്തിക ജ്ഞാനത്തിലേക്ക് അതവനെ വഴിനടത്തും. ദൈവേഷ്ടമാരായാൻ പ്രേരിപ്പിക്കും. അന്തർഗതസംവാദത്തിന്റെ നൈരന്തര്യം സാധ്യമാക്കാൻ മാനസാന്തരവരം ആവശ്യമാണ്. അതിനുള്ള ചേതന അവനിൽ അന്തർലീനവുമാണ്.

വിചാരശീലം നഷ്ടമാക്കിയ ഒരുവൻ എന്തും പറയാനും എങ്ങനെ പറയാനും തരംപോലെ പെരുമാറാനും കഴിയുന്ന ശൈലിയിലേക്ക് അധഃപതിക്കും. അതിന്റെ പരിണതി എന്താ യിരിക്കും? അവനുവേണ്ടി സജ്ജമാക്കിയിരിക്കുന്ന സ്വർഗരാ ജ്യത്തിന്റെ പ്രാന്തങ്ങളിൽ അലയാനും ഉഴലാനുമുള്ള ദുർവിധി സ്വയം ഏറ്റെടുത്ത ഹതഭാഗ്യനായി പരിണമിക്കും.

**4. ആരും അത്ര നീതിമാന്മാരല്ല**

മാനസാന്തരം ആവശ്യമില്ലാത്തത്ര നീതിമാന്മാരായി ആരും തന്നെയില്ല. 'മാനസാന്തരവഴികളിലൂടെ ഞങ്ങളെ നടത്തണമേ' എന്ന പ്രാർത്ഥന സംഗതമാണ്. ക്രൈസ്തവജീവിതത്തിന്റെ ശ്വാസകോശങ്ങളോ ഹൃദയംതന്നെയോ ആണ് മാനസാന്തരം. ജീവജാലങ്ങളുടെ നിലനില്പ്പിന്റെ ആധാരം അതായിരിക്കുന്ന തുപോലെ മാനസാന്തരമില്ലെങ്കിൽ ക്രൈസ്തവജീവിതമില്ല; സന്ന്യസ്തജീവിതമില്ല; പൗരോഹിത്യജീവിതമില്ല. സഭാജിവി തം തന്നെ സാധ്യമല്ല. സംഘാതശരീരം (corporate Body) എന്ന നിലയിലും മൗതികശരീരം (mystical Body) എന്ന നിലയിലും സഭയുടെ ക്രിസ്തുവുമായുള്ള ബന്ധവളർച്ചയിൽ മാനസാന്ത രത്തിന്റെ സ്ഥാനം അദ്വതീയമാണ്.

പരിശുദ്ധാത്മാവിന്റെ ബഹുവിധമായ പ്രവർത്തനങ്ങളിൽ മുഖ്യമായത് ദൈവമക്കളെ - സർവ്വമനുഷ്യരെയും- സദാ അനു താപത്തിലേക്ക് നയിക്കുകയും മാനസാന്തരവഴികളിലൂടെ നിത്യം ചരിക്കാൻ പ്രേരിപ്പിക്കുകയും സഹായിക്കുകയുമത്രേ. നമ്മിലെ ധൂർത്തപുത്രനുമാത്രമല്ല; മൂത്തപുത്രനും (ലൂക്കാ 15:21-28), ഒന്നാമത്തെ പുത്രനും രണ്ടാമത്തെ പുത്രനും (മത്താ 21:29-30) ആവശ്യമായ മാനസാന്തരജീവിതം സ്വന്തമാക്കാൻ നമുക്ക് ശ്രമിക്കാം.

**ഫാ. ഏബ്രഹാം നടുവിലേടം**

# ആഗസ്റ്റ് 15
# തേജസ്ക്കരണശേഷം 2–ാം ഞായർ

## ഭാഷ്യം

### മർക്കോ 12:38-44

## സന്ദർഭം

യേശുവിന്റെ ജറുസലെം ദൈവാലയപ്രവേശനവും അതിന്റെ ശുദ്ധീകരണവും മർക്കോസ് സുവിശേഷകൻ 11-ാം അധ്യായത്തിൽ വിവരിക്കുന്നു. അതിനെത്തുടർന്ന് ദൈവാലയപ്രമാണിമാരുമായി പല വാദപ്രതിവാദങ്ങളിൽ യേശു ഏർപ്പെടുന്നു. അവയിലെല്ലാം യേശു അവരുടെ ആത്മീയകാപട്യത്തെയും അഹന്തയെയും ഉപമകളിലൂടെയും അന്യാപദേശകഥകളിലൂടെയും തുറന്നുകാണിക്കുന്നു. അതിന്റെ തുടർച്ചയായി വേണം ഇന്നത്തെ സുവിശേഷഭാഗത്തെ കാണാൻ. ദൈവാലയ ശുദ്ധീകരണത്തിനുശേഷം ദൈവാലയത്തോടും പ്രാർത്ഥനയോടുമുള്ള മനോഭാവത്തെപ്പറ്റി യേശു ശിഷ്യന്മാരെ പഠിപ്പിക്കുകയാണ്. നിയമജ്ഞരുടെയും ധനികരുടെയും കാപട്യമനോഭാവംമൂലം "അവർക്ക് കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും" (12:40b) എന്ന് യേശു പറയുന്നു. അവർ ശുശ്രൂഷ ചെയ്യുന്ന ദൈവാലയം "കല്ലിന്മേൽ കല്ലുശേഷിക്കാതെ തകർക്കപ്പെടുന്ന" (13:2b) പ്രവചനപൂർത്തീകരണത്തിലാണ് കഠിനമായ ശിക്ഷാവിധി അടങ്ങിയിരിക്കുന്നതെന്ന് 13-ാം അധ്യായത്തിൽ കാണുന്നു.

## സാരം

ഇപ്പോൾ നിലനിൽക്കുന്ന ദൈവാലയത്തിന് ശുദ്ധീകരണം എന്തുകൊണ്ട് ആവശ്യമുണ്ട് എന്ന് ശിഷ്യന്മാരെ പഠിപ്പിക്കാനാണ് യേശു ശ്രമിക്കുന്നത്. കാപട്യത്തിന്റെ ആത്മീയ മുഖം

മുടിയണിഞ്ഞ നിയമജ്ഞരെയും ധനികരെയും ദൈവാലയ പ്രമാണിമാരെയുമാണ് ഇതിന് യേശു മറുപക്ഷത്ത് നിർത്തുന്നത്. 'യഹോവയുടെ പാവങ്ങൾ' (anawim of yahew) എന്നറിയപ്പെട്ടിരുന്ന വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുന്നവരെപ്പോലുള്ളവരെ ദൈവാലയത്തിൽനിന്നു പുറത്താക്കി, വിധവയുടെ വിലകുറഞ്ഞ ചെമ്പുനാണയങ്ങളുടെ മഹത്ത്വം പ്രഘോഷിക്കുന്ന പുതിയ ദൈവാലയങ്ങൾ പണിയാനാണ് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത്.

## സന്ദേശം

താൻ പ്രത്യേകമായി വിളിച്ചുവേർതിരിച്ച ശിഷ്യന്മാരിൽ അടിത്തറയിടാൻപോകുന്ന പുതിയ ദൈവാലയത്തിന്, അതായത് തിരുസ്സഭയ്ക്ക് എന്തുസ്വഭാവമായിരിക്കുമെന്ന് ഇന്നത്തെ സുവിശേഷഭാഗത്ത് വായിച്ചുകേട്ട സംഭവങ്ങളിലൂടെയും വചനങ്ങളിലൂടെയും യേശു വ്യക്തമാക്കുന്നു. "അവൻ ശിഷ്യന്മാരെ അടുത്തുവിളിച്ചുപറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; ഈ ദരിദ്രവിധവ മറ്റാരെയുംകാൾ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്നു" (2:43). അടുത്തുവിളിച്ചുപറഞ്ഞവയാണ് അടിത്തറയായിട്ടുള്ളത്. ആത്മീയ ലാളിത്യമാണ്, ആയിരിക്കണം സഭയുടെ മുഖമുദ്ര. സഭയാകുന്ന ഈ ദൈവാലയത്തിൽ ശ്രദ്ധിക്കപ്പെടേണ്ടത്- യേശു ശ്രദ്ധിച്ചതുപോലെ- വിധവയുടെ വിലകുറഞ്ഞ ചെമ്പുനാണയങ്ങളായിരിക്കണം. സമർപ്പണത്തിന്റെ സമൃദ്ധിയാണ് ഈ ദൈവാലയത്തിന്റെ സു വിശേഷം.

**ഡോ. ജോർജ് അയ്യനേത്ത് OIC**

# പ്രസംഗം

## അതിർവരമ്പുകളില്ലാതെ സ്നേഹിക്കാൻ

സമ്പന്നനും ദരിദ്രനും എന്ന വ്യത്യാസത്തിനപ്പുറം മനസ്സിന്റെ നേർക്കാഴ്ചകൾ വരയ്ക്കുന്ന ക്രിസ്തുവിന്റെ രൂപമാണ് ഇന്നത്തെ സുവിശേഷം. ഇന്നത്തെ സുവിശേഷഭാഗം സമ്പന്നരെ വെറുക്കുകയും ദരിദ്രരെമാത്രം വാഴ്ത്തുക യും ചെയ്യുന്ന ക്രിസ്തുവിന്റെ കാഴ്ചയായി പലപ്പോഴും വ്യാഖ്യാനിക്കാറുണ്ട്. ഒരിക്കലും സമ്പത്തുണ്ടെന്ന കാരണത്താൽ ഈശോ ആരെയും പരിധിക്കു പുറത്തേക്ക് മാറ്റി നിർത്തുന്നില്ല. ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നുമില്ല. വിശ്വാസികളുടെ പിതാവായ അബ്രഹാം ധനവാന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടവനാണ്.

ക്രിസ്തു കലഹിക്കുന്നത് ഒരു കൂട്ടരോട് മാത്രമാ ണ്; മുഖമൂടികൾവച്ച് ഈശോയുടെ മുമ്പിൽ അഭിനയിക്കുന്നവരോട്. മനസ്സിന്റെ നേർരേഖയാണ് ക്രിസ്തുവിന്റെ വിഷയം. ഇന്നത്തെ സുവിശേഷഭാഗത്തും ഇതാണ് ക്രിസ്തു പഠിപ്പിക്കാൻ ശ്രമിക്കുന്നത്. ദീർഘമായി പ്രാർത്ഥിക്കുന്നു എന്നല്ല നി യമജ്ഞരെക്കുറിച്ച് ക്രിസ്തു പറയുന്നത്; പ്രാർത്ഥിക്കുന്നതായി നടിക്കുന്നുഎന്നാണ്. ഇത് പ്രാർത്ഥനയല്ല; കപടതയാണ്.

ദൈവാലയത്തിൽ വരുന്നതും പ്രാർത്ഥിക്കുന്നതും നാട്യമാവരുത്. ദൈവാലയത്തിന്റെ വലിപ്പമല്ല; അതിനകത്ത് ഉള്ളവരുടെ മനസ്സിന്റെ വലിപ്പമാണ് ക്രിസ്തുവിന്റെ കാഴ്ചയിൽ പതിയുന്നത്. ഈ നാട്യമനോഭാവങ്ങൾ ഉള്ളവരോടാണ് നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട് എന്ന്

പറയുമ്പോൾ നിങ്ങൾ എനിക്ക് പരിചിതരാണ് എന്ന് ഈശോ പറയുന്നത്. ക്രിസ്തുവിന്റെ മുമ്പിലേക്ക് ഞാൻ കടന്നുചെല്ലുമ്പോൾ എന്തായിരിക്കാം ക്രിസ്തുവിന് എന്നോട് പറയാനുള്ളത് എന്ന് എന്റെ പ്രവൃത്തിയാണ് തീരുമാനിക്കേണ്ടത്.

വിധവയുടെ കാണിക്കയെ പരാമർശിച്ചുകൊണ്ട് ക്രിസ്തു അതിലേക്കാണ് നമ്മെ കൈപിടിച്ച് നടത്തുന്നത്. ഏറ്റവും വില കുറഞ്ഞ രണ്ടു ചെമ്പുനാണയങ്ങൾ ധനവാന്മാരുടെ വലിയ തുകയെക്കാൾ വലുതാകുന്നു. ഇവിടെ നാണയത്തിന്റെ മൂല്യമല്ല വിഷയം; ഇടുന്നയാളിന്റെ മനസ്സിന്റെ നന്മയാണ്. എല്ലാം കഴിഞ്ഞതിനുശേഷം ബാക്കിവരുന്നതിൽനിന്നും ഒരുഭാഗം ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നവരെക്കാൾ വിധവയുടെ പരിപൂർണ സമർപ്പണമാണ് ഈശോ ഉയർത്തിക്കാട്ടുന്നത്. ഈ ക്രിസ്തുവിന് ഭൂമിയിൽവന്ന് ജനിക്കാൻപോലും ഇടം നൽകിയത് ഒരു യുവതിയുടെ സമർപ്പണമായിരുന്നു. “ഇതാ കർത്താവിന്റെ ദാസി, നിന്റെ ഹിതംപോലെ എന്നിൽ ഭവിക്കട്ടെ.”

എല്ലാം കഴിഞ്ഞിട്ട് ക്രിസ്തുവിന്റെ മുമ്പിൽ നിൽക്കാനല്ല, മറിച്ച് എല്ലാത്തിനുമുപരി അവിടുത്തെ സ്നേഹിക്കാനാണ് ഈശോ ആവശ്യപ്പെടുന്നത്. “എന്നെക്കാൾ അധികം എന്തിനെ സ്നേഹിച്ചാലും അവൻ ദൈവരാജ്യത്തിന് അർഹനല്ല” എന്ന് ക്രിസ്തു പഠിപ്പിക്കുന്നുണ്ട്. ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്ന ചില കാര്യങ്ങൾ:

1. വേദനിക്കുന്നിടത്തോളം കൊടുക്കാത്തവൻ ത്യാഗപൂർണമായ ജീവിതത്തിന്റെ പങ്കാളിയാകുന്നില്ല. ക്രിസ്തുവിന്റെ കാഴ്ചയിൽപെടാതെ പോകാം.

2. ചെറിയ നാണയത്തുട്ടുകൾപോലും ക്രിസ്തുവിന്റെ കാഴ്ചയുടെ പരിധിയിലാണ്. പലതിന്റെയും പേരിൽ അതിർവരമ്പുകളിലേക്ക് സഹോദരനെ തള്ളിനീക്കുമ്പോൾ ചെറിയ നാണയത്തുട്ടുകൾക്ക് വിലകൊടുക്കുന്ന ക്രിസ്തുവിന്റെ കാഴ്ചയിൽ അത് പെടുന്നുണ്ട് എന്ന് ഓർക്കണം.

3. ക്രിസ്തുവിന്റെ കണ്ണിലൂടെ ലോകത്തെ കാണാൻ തുടങ്ങുമ്പോൾ ചുറ്റുമുള്ളവരെല്ലാം എനിക്ക് പ്രധാനപ്പെട്ടവരായി മാറും. എത്രമാത്രം കരുതൽ അർഹിക്കുന്നവരാണ് അതിർവരമ്പുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവർ എന്ന് എനിക്ക് മനസ്സിലാകും. മരണത്തിന്റെ സംസ്കാരത്തിൽനിന്നും ജീവന്റെ സംസ്കാരത്തിലേക്ക് അത് എന്നെ നയിക്കും.

വിധവയുടെ ചെമ്പുനാണയങ്ങളുടെ കിലുക്കം എന്റെ ബോധ്യങ്ങളെ ഉണർത്തണം. മനുഷ്യത്വമില്ലാത്ത ഏതു പ്രവൃത്തിയും എന്റെ കാഴ്ചയുടെ വൈകല്യമാണ്. ക്രിസ്തുവിന്റെ കണ്ണിലൂടെ ലോകത്തെ കണ്ടേത്തേണ്ടതായുണ്ട്.

യാത്രയ്ക്കിടയിൽ ഒരിക്കൽ സാവൂൾ ക്രിസ്തുവിനെ കാണുന്നു. അതുവരെ ഉണ്ടായിരുന്ന ജീവിതത്തിന് അടിമുടി വ്യത്യാസം വരുന്നു. കാഴ്ച ക്രിസ്തുവിന്റെ മിഴികളിലൂടെയാകുന്നു. കൊല്ലാൻ നടന്നവൻ ജീവന്റെ പ്രഘോഷകനായിമാറുന്നു. ഇന്നത്തെ സുവിശേഷം എന്റെ മുമ്പിൽ തുറന്നിടുന്ന വാതായനവും അതാണ്. സമ്പൂർണമായ സമർപ്പണത്തിന്റെ വാതിൽപ്പടിയിലൂടെയാവണം ക്രിസ്തുവിന്റെ മിഴികൾക്കുള്ളിലേക്ക് നാം നടന്നുകയറേണ്ടത്. കാഴ്ചകൾ വിശാലമാകുമ്പോൾ അതിർവരമ്പുകളില്ലാതെ മനുഷ്യർ എല്ലാം എന്റെ കാഴ്ചയുടെ പരിധിയിലാകും. മുഖംമൂടിയില്ലാത്ത ക്രിസ്തുവിന്റെ രാജ്യം.

**ഫാ. നിർമ്മലാനന്ദ് OIC**

# ആഗസ്റ്റ് 22
# തേജസ്ക്കരണശേഷം 3-ാം ഞായർ

## ഭാഷ്യം

ലൂക്കാ 18:9-14

### സന്ദർഭം

ദൈവരാജ്യത്തിന്റെ ആഗമനത്തെപ്പറ്റി യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നതിന്റെ (17:20-37) തുടർച്ചയായാണ് ഇന്നത്തെ വേദഭാഗത്തെ സുവിശേഷകൻ അവതരിപ്പിക്കുന്നത്. 18-ാം അധ്യായത്തിലെ രണ്ട് ഉപമകളിലൂടെയും (ന്യായാധിപനും വിധവയും, ഫരിസേയനും ചുങ്കക്കാരനും) രണ്ട് സംഭവങ്ങളിലൂടെയും (ശിശുക്കളെ ആശീർവദിക്കുന്നു, ധനികനായ മനുഷ്യൻ) ദൈവരാജ്യത്തെപ്പറ്റിയുള്ള തൂലികാചിത്രം നമുക്ക് ലഭിക്കുന്നു. രണ്ട് ഉപമകളും പ്രാർത്ഥനയെപ്പറ്റിയാണ് പഠിപ്പിക്കുന്നത്. ആദ്യത്തേത് (18:1-8) സ്ഥിരോത്സാഹത്തോടെ പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയും ഇന്നത്തെ ധ്യാനവിഷയമായ രണ്ടാമത്തെ ഉപമ പ്രാർത്ഥനയിൽ പുലർത്തേണ്ട ശാലീനമനോഭാവവുമാണ് പ്രമേയങ്ങൾ. ദൈവരാജ്യത്തെ ആത്മീയതയുടെ അഭൗമികതലങ്ങളിൽ പ്രതിഷ്ഠിക്കുകയാണ് ഈ രണ്ട് ഉപമകളും.

### സാരം

മനുഷ്യമനോഭാവങ്ങൾ സൃഷ്ടിക്കുന്ന ഒരു ആത്മീയ പ്രപഞ്ചമാണ് ദൈവരാജ്യം. അവിടെ ദൈവത്തോടും ദൈവികകാര്യങ്ങളോടുമുള്ള മനോഭാവത്തിനാണ് പ്രഥമസ്ഥാനം. പ്രാർത്ഥനയിലൂടെ ഈ മനോഭാവം രൂപപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ പ്രാർത്ഥിക്കുന്ന വ്യക്തിയിൽനിന്ന് നിർഗളി

ക്കുന്ന വിനയവും എളിമയും ശാലീനതയുമാണ് അവനെ ദൈവ രാജ്യത്തിന്റെ ആത്മീയ പ്രപഞ്ചത്തിലേക്ക് ഉയർത്തുന്നത്. ഇതാണ് ഈ ഉപമയിലെ ചുങ്കക്കാരനിൽ സംഭവിക്കുന്നത്. എന്നാൽ പ്രാർത്ഥനയിൽ അഹന്തയും ആത്മപ്രശംസയും അ പരനോടുള്ള അനാദരവും നിറഞ്ഞുനിൽക്കുന്ന ഒരാൾ ദൈവ രാജ്യത്തിൽനിന്ന് താഴ്ത്തപ്പെടും. ഇതാണ് ഈ ഉപമയിലെ ഫരിസേയനിൽ കാണുന്നത്. യേശു പറഞ്ഞു: "തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്ന വൻ ഉയർത്തപ്പെടുകയും ചെയ്യും" (വാ. 14b).

## സന്ദേശം

ജനങ്ങളിൽനിന്ന് നിർബന്ധമായി ചുങ്കം പിരിക്കാൻ നിയ മിക്കപ്പെട്ട ചുങ്കക്കാരൻ ജനങ്ങളാൽ വെറുക്കപ്പെട്ടവനാണ്. എ ന്നാൽ ചുങ്കക്കാരനാകട്ടെ, സ്വയം വെറുത്തില്ല, മറ്റുള്ളവരെയും വെറുത്തുമില്ല; അവൻ ദൈവസന്നിധിയിൽ സ്വയം എളിമപ്പെ ടുത്തി. ഈ മനോഭാവം അവനെ ദൈവരാജ്യത്തിലെ ഒരു പൗര നാക്കി ഉയർത്തി. തൊഴിലിന്റെ ഭാഗമായി നാം പലകാര്യങ്ങളും ചെയ്യാൻ നിർബന്ധിതരാകുന്നുണ്ട്. എന്നാൽ പ്രാർത്ഥനയിലും പ്രവർത്തിയിലും തന്നെത്തന്നെ എളിമപ്പെടുത്തുകയും മറ്റുള്ള വരെ വിധിക്കാതിരിക്കുകയും ചെയ്യുന്ന ഒരു നൈസർഗികഭാവം നമ്മിലുണ്ടെങ്കിൽ അത് നമ്മെ ദൈവരാജ്യത്തിന്റെ നൈരന്ത രികതയിൽ നിലനിർത്തും. അപ്പോൾ നമുക്ക് നീതികരിക്കപ്പെ ട്ടവരായി ആത്മീയ ഭവനങ്ങളിലേക്ക് മടങ്ങാം.

**ഡോ. ജോർജ് അയ്യനേത്ത് OIC**

# പ്രസംഗം

## നന്നായി വരയ്ക്കുക; ഇതാണുസമയം

മനോഹരമായ ഒരു കഥയാണ് ഇന്ന് ഈശോ നമ്മോട് പറയുന്നത്. രണ്ടുപേർ പ്രാർത്ഥിക്കാൻ പോകുന്നു. ഒരാൾ ഫരിസേയപ്രമാണി; യഹൂദ ആത്മീയതയും പാരമ്പര്യങ്ങളും കലർപ്പില്ലാതെ പാലിച്ചുപോന്നവൻ. മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവനാണെന്ന ചിന്തയോടെയാണ് അയാൾ പ്രാർത്ഥിക്കാൻ ദൈവാലയത്തിലേക്ക് കടന്നുവരുന്നത്. ദൈവതിരുമുമ്പിൽ നിന്നുകൊണ്ട് സ്വയം മഹത്ത്വപ്പെടുത്തുകയാണ് അയാൾ. വേറൊരു മനുഷ്യനെക്കൂടി നാം ഈ കഥയിൽ കാണുന്നു; ഒരു ചുങ്കക്കാരൻ. പാപത്തിന്റെ ഭാരത്താൽ ശിരസ്സ് കൂനിപ്പോയവൻ. അയാളുടെ അധരത്തിൽനിന്നും ഏതാനും വാക്കുകൾമാത്രം നിലവിളിയായി ഉയരുന്നുണ്ട്; 'ദൈവമേ പാപിയായ എന്നിൽ കനിയണമേ' (ലൂക്കാ 18:11).

ഒരുവൻ ദൈവതിരുമുമ്പിൽ എങ്ങനെ നീതിമാനും സ്വീകരിക്കപ്പെടുന്നവനുമാകുമെന്ന് ഈശോ നമ്മെ പഠിപ്പിക്കുകയാണ്. ദൈവത്തോടും മനുഷ്യരോടുമുള്ള വ്യക്തിബന്ധമാണ് നമ്മുടെ വില നിശ്ചയിക്കുന്നത്. അതിനായി ആദ്യം വേണ്ടത്, വിനയമുള്ള ഭാവമാണ്. അതാണ് പ്രാർത്ഥിക്കാൻ ദൈവതിരുമുമ്പിൽ നിൽക്കുന്ന വ്യക്തിക്കുണ്ടാകേണ്ട ഭാവം.

എന്റെ നേട്ടങ്ങളും ഞാൻ സ്വരുക്കൂട്ടിയവയുമല്ല പ്രാർത്ഥനയിൽ നിറയേണ്ടത്. അവിടെ അധരവ്യായാമത്തെക്കാൾ വിനയം നിറഞ്ഞ ആന്തരികതയാണ് ആവശ്യം. ഹൃദയങ്ങളറിയുന്നവനാണ് ദൈവം (ലൂക്കാ 16:15). ആ തിരിച്ചറിവിൽനിന്നുയരുന്ന, ചുങ്കക്കാരന്റേതുപോലുള്ള ഹൃദയംതൊടുന്ന നിലവിളിമാത്രമാണ് ആവശ്യം. തിരികെയെത്തിയ ധൂർത്തപുത്രനെപ്പോലെ. "നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ" (ലൂക്കാ 15:19). പിന്നീട് അവിടെ കാണുന്നത് ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് ചുംബിക്കുന്ന ഒരു പിതാവിനെയാണ്. നഷ്ടപ്പെട്ടതിനെ കണ്ടെത്തിയ ഒരു ഇടയന്റെ സ്നേഹം. ദൈവസന്നിധിയിലേക്ക് ഇതുപോലെ ഓടിച്ചെല്ലാൻ നമുക്ക് കഴിയണം. ഈ മനോഭാവമാണ് നമുക്കും വേണ്ടത്.

ദൈവമേ, എനിക്ക് നിന്നെ കാണണം എന്ന് ഭക്തൻ ദൈവത്തോട് പറഞ്ഞപ്പോൾ ദൈവം മറുപടി പറഞ്ഞതിങ്ങനെയാണ്: 'നീ നിന്നെ കാണാതായാൽ എന്നെ കണ്ടുതുടങ്ങും.' ഫ്രാൻസിസ് പാപ്പ പറഞ്ഞുവച്ചതിങ്ങനെയാണ് get lost in christ (ക്രിസ്തുവിൽ നഷ്ടപ്പെട്ടവരാകുക); എങ്കിൽമാത്രമേ എനിക്ക് ക്രിസ്തുദർശനം സാധ്യമാകൂ. അല്ലാത്തപക്ഷം, എന്റെയും പ്രാർത്ഥനകൾ ഫരിസേയനെപ്പോലെ ചുറ്റുമുള്ളവരെ കാണിക്കാനുള്ളതാകും.

ക്രിസ്തുവിൽ സ്വയം ശൂന്യമാക്കാൻ കഴിയുമ്പോഴാണ് സഹോദരങ്ങളെയും കാണാൻ എന്റെ കണ്ണിന് കാഴ്ചതെളിയൂ. യോഹന്നാന്റെ സുവിശേഷത്തിൽ ശിഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഈശോയുടെ മനോഹരമായ പ്രാർത്ഥനയുണ്ട്. ദൈവമായിരുന്നിട്ടും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് ഈശോ. "അങ്ങ് എനിക്ക് തന്നവർക്കുവേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്" (യോഹ 17:9). "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ" (യോഹ 17:17). ഈയൊരു മനോഭാവം നമ്മിലും ഉണ്ടാകട്ടെ. പ്രാർത്ഥിക്കുമ്പോൾ ചുറ്റിലുമുള്ളവരെക്കൂടി പരിഗണിക്കാൻ നമുക്ക് കഴിയട്ടെ. ദൈവാലയത്തിൽ വരുന്ന

വരെയും ദൈവികശുശ്രൂഷയിൽ വ്യാപരിക്കുന്നവരെയും വിമർശിക്കുന്നവരാകാതെ പ്രാർത്ഥനയിൽ അവരെയും നമുക്ക് ചേർത്തുനിർത്താം. 'കൂടെയുണ്ടെന്നുറപ്പ്, പ്രാർത്ഥനയിൽ മാത്രമല്ല ജീവിതത്തിലും നമുക്ക് നൽകാം. അങ്ങനെ ചിന്തിച്ചു തുടങ്ങുന്നിടത്ത് ക്രിസ്തുവിനെ കണ്ടുമുട്ടാൻ തുടങ്ങും. വിശുദ്ധ മദർതെരേസ പറയുന്നത് ശരിയാണ് 'Every moment I kill myself so that every moment Jesus may take birth in me.'

വിൻസെന്റ് വാൻ ഗോഗിനോട് ഒരാൾ ചോദിച്ചു: നിങ്ങൾ വരച്ച ഏറ്റവും നല്ലചിത്രം ഏതാണ്? മുഖമുയർത്തി അയാൾ പറഞ്ഞു "ദാ ഇപ്പോൾ വരച്ചുകൊണ്ടിരിക്കുകയാണ്." ഒട്ടും വൈകണ്ട. നന്നായി വരയ്ക്കുക. ഇതാണു സമയം. മാനസാന്തരപ്പെടാൻ ദൈവം എപ്പോഴും വാതിലുകൾ തുറന്നിടുകയാണ്, കാത്തിരിക്കുകയാണ്. ഇനി നമ്മുടെ സമർപ്പണവും പ്രയത്നവുമാണ് ആവശ്യം.

**ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS**

# ആഗസ്റ്റ് 29
# തേജസ്ക്കരണശേഷം 4–ാം ഞായർ

## ഭാഷ്യം

### മർക്കോ 10:35-45

### സന്ദർഭം

മനുഷ്യകുലം മുഴുവന്റെയും രക്ഷ നേടിയെടുക്കാൻ, ദൈവഹിതമനുസരിച്ചുള്ള സഹന-മരണ ഉത്ഥാനങ്ങൾക്കായി ജറുസലെം ലക്ഷ്യമാക്കിയുള്ള യാത്രയിലാണ് ഈശോ. അതിനിടയിൽ ശിഷ്യന്മാരെ ഒരുക്കുന്നതിനായി തന്റെ പീഡാനുഭവത്തെക്കുറിച്ച് അവരെ മുൻകൂട്ടി അറിയിക്കുമ്പോൾ അവരുടെ പ്രതികരണമാണ് ഇന്നത്തെ സുവിശേഷത്തിന്റെ ഉള്ളടക്കം.

### സാരം

സ്ഥാപിതമാകാൻ പോകുന്ന ദൈവരാജ്യത്തെക്കുറിച്ചും അതിൽ ഈശോയ്ക്കു ലഭിക്കുവാനിരിക്കുന്ന മഹത്ത്വത്തെക്കുറിച്ചും ശിഷ്യന്മാർക്ക് ഉറപ്പുണ്ട്. സാധാരണ ഭരണവ്യവസ്ഥയിലെന്നതുപോലെ ദൈവരാജ്യത്തിലും തങ്ങളുടെ പദവിയും സ്ഥാനവും ഓരോരുത്തരും സ്വപരിശ്രമത്താലും കഴിവിനാലും നേടിയെടുക്കേണ്ടതാണെന്ന് അവർ കരുതുന്നു. സെബദീപുത്രൻമാരായ യാക്കോബും യോഹന്നാനും ഈശോയുടെ പ്രിയപ്പെട്ട ശിഷ്യർ എന്ന നിലയിൽ (മർക്കോ 5:37; 9:2) സ്വാധീനം ചെലുത്തി തങ്ങളുടെ പദവികൾ ഭദ്രമാക്കാൻ ശ്രമിക്കുന്നു. അത് മറ്റു ശിഷ്യന്മാരിൽ അമർഷമുളവാക്കുന്നു. ഇവയ്ക്കെല്ലാമുള്ള മറുമരുന്നായി ശുശ്രൂഷയുടെ പാഠം ഈശോ അവർക്ക് പഠിപ്പിച്ചു കൊടുക്കുന്നു.

## സന്ദേശം

ദൈവത്തിൽനിന്നു ലഭിക്കാതെ ഒന്നും ആർജിച്ചെടുക്കാൻ നമുക്കു കഴിയുകയില്ല. സ്വാർത്ഥം ഉള്ളിടത്താണ് മത്സരബുദ്ധിയും മറ്റു പ്രശ്നങ്ങളും ഉടലെടുക്കുന്നത്. ദൈവവചനത്തെ സ്വന്തമിഷ്ടമനുസരിച്ചു വ്യാഖ്യാനിക്കാതെ, ക്രിസ്തുശിഷ്യർ തങ്ങളെത്തന്നെ ദൈവഹിതത്തിനു സമർപ്പിക്കണം.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

# പ്രസംഗം

## ചെറുതാകലിന്റെ വലുപ്പം

യേശു തന്റെ പീഡാനുഭവ-മരണ-ഉത്ഥാനത്തെപ്പറ്റി ശിഷ്യഗണത്തെ മൂന്നാംതവണ അറിയിക്കുന്ന സംഭവത്തിനുശേഷമാണ് സെബദീപുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിനെ സമീപിക്കുന്ന സംഭവം മർക്കോസ് സുവിശേഷകൻ വിവരിക്കുന്നത്.

ഒരു ക്രിസ്തുശിഷ്യന്റെ പരമപ്രധാനമായ ലക്ഷ്യം എന്തായിരിക്കണമെന്നും ഈ വചനഭാഗം ഉദ്ബോധിപ്പിക്കുന്നു. തങ്ങളുടെ വിളിയെപ്പറ്റിയുള്ള അജ്ഞതയിൽനിന്നും യേശു അവരെ കൈപിടിച്ചുയർത്തുന്നു. ഏറ്റവും ഇഷ്ടമുള്ള കാര്യം എന്തു വേണമെങ്കിലും ചോദിക്കുകയെന്ന് ഒരു അപ്പൻ തന്റെ കുഞ്ഞുങ്ങളെ ചേർത്തുനിർത്തി ചോദിക്കുന്നതുപോലെ യേശുനാഥൻ ശിഷ്യരായ യാക്കോബിനോടും യോഹന്നാനോടും ചോദിക്കുകയാണ്: "നിങ്ങൾക്കുവേണ്ടി ഞാൻ എന്തുചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?" (മർക്കോ 10:36) എന്നാൽ ലൗകികതയുടെ ഭ്രമത്തിലകപ്പെട്ട് അന്ധരായ സെബദീപുത്രന്മാർ യേശുവിന്റെ ഐഹികമായ ഒരു ഭാവിഭരണത്തെ സ്വപ്നംകണ്ട് യേശുവിന്റെ രാജ്യത്തിൽ അവന്റെ വലതും ഇടതും ഇരിക്കാനുള്ള വരമാണ് ആവശ്യപ്പെട്ടത്. യേശുവിനെയും അവന്റെ പഠിപ്പിക്കലുകളെയും ഉൾക്കൊള്ളാനാകാത്ത ശിഷ്യരുടെ പ്രതിനിധികളായി മാറുന്നു ഇവിടെ സെബദീപുത്രന്മാർ.

സീറ്റ് കിട്ടുമോ എന്ന ആകുലത എന്നും നമ്മെ അലട്ടുന്ന ഒരു പ്രശ്നമായി നിലകൊള്ളുന്നു. ഉപരിപഠനത്തിന് സീറ്റ് ലഭിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിച്ച് ഒരുക്കുന്ന മാതാപിതാക്കൾ, ഒരു ചടങ്ങിനിറങ്ങാൻ അല്പം വൈകിയാൽ അവിടെ തനിക്ക് സീറ്റ് ലഭിക്കുമോ എന്ന് ആകുലപ്പെടുന്നവർ, ഇനിയും ചിലർക്ക് ബസിൽ കയറിയാൽ സീറ്റ് ലഭിക്കാതെ വരുമ്പോഴുള്ള വിഷമം. രാഷ്ട്രീയ മേഖലയിലാണെങ്കിൽ, സീറ്റ് കിട്ടാൻവേണ്ടി വടംവലി കൂട്ടുന്ന രാഷ്ട്രീയനേതാക്കൾ, ജനപ്രതിനിധികൾ. തങ്ങൾ അർഹിച്ചതും ആഗ്രഹിച്ചതുമായ സ്ഥാനമാനങ്ങൾ ലഭിക്കാതെ

വരുമ്പോൾ നിരാശയിലേക്ക് വീഴുന്ന സമർപ്പിതജീവിതങ്ങൾ എന്നിങ്ങനെ ജീവിതത്തിൽ പലപ്പോഴായി കസേരകളി നടത്തുന്നവരാണ് നമ്മിൽ പലരും. സീറ്റ് എന്നത് എക്കാലവും ഒരു പ്രശ്നമായിത്തന്നെ നിലകൊള്ളുന്നു. ഇന്നത്തെ സുവിശേഷത്തിലും ഇതുപോലെ ഒരു സീറ്റ് ബുക്കിംഗ് നടക്കുന്നു.

മുൻപന്തിയിലെത്തണം, വലിയവനാകണം, എവിടെയും താൻ അറിയപ്പെടണം എന്ന ഭ്രമത്തിൽ ക്രിസ്തുശിഷ്യർ വട്ടപൂജ്യമായി മാറുന്നു. നാളിതുവരെ ഒപ്പം ചൂടുപറ്റി നടന്ന ഗുരുവിനെയും അവന്റെ പഠിപ്പിക്കലുകളെയും മനസ്സിലാക്കാൻ പരാജയപ്പെട്ട സെബദീപുത്രന്മാരുടെ ഭീതിജനകവും ദയനീയവുമായ അവസ്ഥയാണ് അവരുടെ ചോദ്യത്തിലൂടെ വെളിവാകുന്നത്. തങ്ങളുടേതായ സുരക്ഷിതസ്ഥാനം മുൻകൂട്ടി പദ്ധതിയിട്ട് ഉറപ്പിക്കുമ്പോൾ അവർ വിസ്മരിച്ചത് എല്ലാത്തിനുമുപരി ദൈവരാജ്യം അന്വേഷിക്കാൻ പഠിപ്പിച്ച ഗുരുമൊഴികളാണ്.

സുവിശേഷങ്ങളിലുടനീളം ശിഷ്യന്മാർക്കിടയിൽ ഒരു പ്രത്യേക കാര്യത്തെപ്പറ്റി തർക്കം ഉണ്ടാകുന്നതായി കാണാം. സുവിശേഷഭാഗത്തിന്റെ തൊട്ടുമുൻപുള്ള അധ്യായത്തിൽ ഇത്തരമൊരു സംഭവം കാണാം (മർക്കോ 9:33-37). കഫർണാമിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാരുടെ തർക്ക വിഷയം തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെപ്പറ്റിയാണ്. തുടർന്ന് അന്ത്യത്താഴവേളവരെ ഈയൊരുതർക്കം കാണാം (ലൂ ക്കാ 22:24-30). എന്നാൽ ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട് അവൻ അവരുടെ തെറ്റായ ധാരണകളെ തിരുത്തി. അവന്റെ പ്രവൃത്തി അവർക്കുള്ള ഉത്തരമായിരുന്നു. യഥാർത്ഥ വലിപ്പം എന്നത് ശുശ്രൂഷയും ദാസ്യവൃത്തിയുമാണ് എന്ന് അവർ അമ്പരപ്പോടെ തിരിച്ചറിഞ്ഞു. ക്രിസ്തുമാർഗം ലോകത്തിന്റെ കാഴ്ചപ്പാടുകൾക്കുമൊക്കെ എത്രയോ ഉപരിയാണ്. ചെറുതാകലിന്റെയും ശൂന്യവല്ക്കരണത്തിന്റെയും ജീവിതമാണ് ക്രിസ്തുവിന്റേത്.

യാക്കോബും യോഹന്നാനും കുറുക്കുവഴികളിലൂടെ ജീവിതത്തിൽ എന്തുംനേടാം എന്ന ലൗകിക കാഴ്ചപ്പാടിന്റെ പ്രതിനിധികളായി മാറുന്നു ഇവിടെ. സങ്കുചിതമനോഭാവത്തിൽനിന്ന് ശിഷ്യത്വം എന്ന വിശാലമായ ചിന്തയിലേക്കും ആത്മീയതയി

Date of Publication: 13 July 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 26)

ലേക്കും ക്രിസ്തു അവരെ നയിക്കുന്നു. അവൻ പഠിപ്പിച്ച കുറുക്കുവഴി ത്യാഗത്തിന്റെയും മരണത്തിന്റേതുമാണ്; സ്വയം വിട്ടുകൊടുക്കലിന്റെയും അഴിഞ്ഞ് ഇല്ലാതാകലിന്റേതുമാണ്. സെബദീപുത്രന്മാരോട് യേശു ചോദിക്കുന്നു: "ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാനോ ഞാൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കാനോ നിങ്ങൾക്ക് കഴിയുമോ?" ചോദ്യത്തിന്റെ അർത്ഥവ്യാപ്തി ഗ്രഹിക്കാതെ കഴിയും എന്ന് അവർ മറുപടി പറഞ്ഞു.

യഥാർത്ഥ ക്രിസ്തുശിഷ്യന്റെ ജീവിതശൈലി ഗുരുവിന്റെ ജീവിതത്തോടുള്ള താദാത്മ്യപ്പെടലാണ്. അതായത്, ഗുരുവിന്റെ പീഡനങ്ങളിലും മരണത്തിലും പങ്കുചേരാൻ ശിഷ്യനും കഴിയണം. സുവിശേഷമൂല്യങ്ങളിൽ ജീവിക്കുമ്പോൾ ഏറ്റെടുക്കേണ്ടിവരുന്ന ത്യാഗങ്ങളിലൂടെയാണ് അത് യാഥാർത്ഥ്യമാകുന്നതും.

ക്രിസ്തുശിഷ്യന്റെ സ്ഥാനവും വലുപ്പവും അവൻ ഏറ്റെടുക്കുന്ന ശുശ്രൂഷയിലാണ്. ലോകം വിജയത്തിന്റെയും വിജയിക്കുന്നവരുടെയും പിന്നാലെ പരക്കംപായുമ്പോഴും പരാജിതനെന്ന് ലോകം മുദ്രകുത്തുന്നവരുടേതാണ് സുവിശേഷം എന്ന് തിരിച്ചറിയുന്നവനാണ് ക്രിസ്തുശിഷ്യൻ. അവന്റെ 'ഇരിപ്പിടം കുരിശാണ്, കിരീടം മുൾമുടിയാണ്, ദാഹജലം കയ്പുനീരാണ്.' "തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു മരണംവരെ. അതെ കുരിശുമരണംവരെ" (ഫിലി 2:7-8). ഉയർന്നു ചിന്തിക്കുന്നവർക്കുമാത്രമേ സ്വയം താഴ്മയിലേക്ക് വരാൻ കഴിയൂ. യഥാർത്ഥ വലുപ്പം എന്നത് ചെറുതാകലാണ് എന്ന് തിരിച്ചറിയാം.

**ഫാ. ഐസക്ക് സാം പത്തിയിൽ OIC**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril,
MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*